I/136579/2024

നം.DDDKER/3870/2023-C1

ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം -695004
ഫോൺ :0471-2445749, 2445799
e-mail: dir.dairy@kerala.gov.in
cru.ddd@kerala.gov.in

തീയതി:- 06-01-2024

## സർക്കുലർ നം.67/2023

വിഷയം:- ക്ഷീര വികസന വകുപ്പ് – 2023 നവംബർ 18 മുതൽ ഡിസംബർ 24 വരെ നവകേരള സദസ്സ് - സംഘടിപ്പിക്കുന്നത്-സംബന്ധിച്ച്.

സൂചന :- 1)പൊതുഭരണ (ഏകോപനം) വകുപ്പിൽ നിന്നും പുറപ്പെടുവിച്ച 27.10.2023-ലെ സ.ഉ(സാധാ)നം.4887/2023/ജി.എ.ഡി നമ്പർ ഉത്തരവ്.

2)സഹകരണ സംഘം രജിസ്ട്രാറുടെ 03.11.2023 തീയതിയിലെ 41/2023 നമ്പർ സർക്കുലർ.

നവകേരള നിർമ്മിതിയുടെ ഭാഗമായി ബഹു.മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിമാർ വിവിധ മണ്ഡലങ്ങളിൽ ഔദ്യോഗിക പര്യടനം നടത്തി പ്രമുഖ വ്യക്തികളുമായി കൂടിക്കാഴ്ചയും മണ്ഡലം കേന്ദ്രീകരിച്ച് ബഹുജന സദസ്സും ചേരുവാൻ തീരുമാനിച്ചിരിക്കുകയാണ്. സംസ്ഥാന സർക്കാർ 2023 നവംബർ 18 മുതൽ ഡിസംബർ 24 വരെ സംഘടിപ്പിച്ചു വരുന്ന നവകേരള സദസ്സ് വിജയകരമായി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് സർക്കാർ പരാമർശ പ്രകാരം ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിൽ ഈ പരിപാടി സംഘടിപ്പിക്കുന്നതിനാവശ്യമായ ചെലവു വഹിക്കുന്നതിന് സഹകരണ ബാങ്കുകൾക്കും, മറ്റു സഹകരണ സ്ഥാപനങ്ങൾക്കും സഹകരണ വകുപ്പ് പെർമിസ്സീവ് സാങ്ഷൻ നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ക്ഷീരസഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിലുള്ളതും ലാഭത്തിൽ പ്രവർത്തിക്കുന്നതുമായ ക്ഷീരസഹകരണ സംഘങ്ങൾക്ക് നിർദ്ദിഷ്ടരീതിയിൽ പാസ്സാക്കിയിട്ടുള്ള ദാനനിധി ഉപചട്ടത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി പ്രസ്തുതഫണ്ടിൽ നിന്നും പരമാവധി 5,000/- രൂപ (അയ്യായിരം രൂപാ മാത്രം) ഈ ആവശ്യത്തിലേയ്ക്കായി ചെലവഴിക്കുന്നതിന് അനുമതി നൽകുന്നു.

Signed by
Salini Gopinath
Date: 06-01-2024 23:40:55
ഡയറക്ടർ(i/c)

പകർപ്പ്:- 1)ജോയിന്റ് ഡയറക്ടർ (ജനറൽ, പ്ലാനിംഗ്)

2)എല്ലാ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും

3)എല്ലാ ക്ഷീരസഹകരണ സംഘങ്ങൾക്കും

I/136579/2024

(ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർ മുഖേന)

4) ക്ഷീരവികസന ഓഫീസർ ,ഐടി സെൽ

(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേയ്ക്കായി)